പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 156

07.03.2017 ൽ മറുപടിയ്ക്ക്

## ഭിന്നശേഷി ജീവനക്കാരുടെ പ്രശ്നങ്ങൾ

| ചോദ്യം<br>ശ്രീ.ഒ.രാജഗോപാൽ | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി ) |
|---|---|
| (എ) ഭൂരിഭാഗം ഭിന്നശേഷി ജീവനക്കാർക്കും 10 വർഷത്തിൽ താഴെ സർവ്വീസും, തുച്ഛമായ പെൻഷനുമാണ് ലഭിക്കുന്നത് എന്ന വസ്തുത കണക്കിലെടുത്ത് ഇത്തരക്കാർക്ക് ചുരുങ്ങിയത് 10 വർഷമെങ്കിലും സർവീസ് ഉറപ്പുവരുത്തുന്നതിന് 01.04.2013 ന് മുമ്പ് നിയമനം ലഭിച്ച ഭിന്നശേഷി ജീവനക്കാരുടെ പെൻഷൻ പ്രായം 60 ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) 01.04.2013 ന് മുമ്പ് നിയമനം ലഭിച്ച ഭിന്നശേഷി ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| (ബി) പത്താം ശമ്പള കമ്മീഷൻ ഭിന്നശേഷി ജീവനക്കാരുടെ കൺവേയൻസ് അലവൻസ് നിലവിലുള്ള 600 രൂപ നാമമാത്രമായി വർദ്ധിപ്പിച്ച് 800 രൂപയാക്കുകയാണുണ്ടായത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാധാരണയായി കൺവേയൻസ് അലവൻസ് ഇരട്ടിയാക്കാറാണ് പതിവ് എന്നത് കണക്കിലെടുത്ത് ഈ ശമ്പള പരിഷ്കരണ അനോമലി പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; | (ബി) പരിഗണനയിൽ ഇല്ല |
| (സി) 23/02/2016 ലെ സ.ഉ (പി) 1/16/സാ.നീതി.വ , 04/05/2016 ലെ സ.ഉ.(പി) 6/16/സാ.നീതി.വ എന്നീ ഉത്തരവുകളിലെ ഭാഷാപ്രയോഗം പല ഉദ്യോഗസ്ഥരും തെറ്റായി വ്യാഖ്യാനിച്ച് വാർഷിക ഇൻക്രിമെന്റുകൾ നിഷേധിക്കുകയും, ചില വകുപ്പുകൾ നൽകിയ ഇൻക്രിമെന്റുകൾ തിരിച്ചുപിടിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഭിന്നശേഷി ജീവനക്കാർ സൂപ്പർ ന്യൂമററി തസ്തികയിൽ തന്നെ പെൻഷൻ പറ്റുന്നതുവരെ തുടരണമെന്ന ഉത്തരവിൽ മാറ്റം വരുത്തി, പ്രൊബേഷൻ പൂർത്തീകരിച്ച് മറ്റ് ജീവനക്കാർക്കൊപ്പം തുല്യനീതി ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി വാർഷിക ഇൻക്രിമെന്റ് അനുവദിക്കുന്നതിലെ അവ്യക്തത സംബന്ധിച്ച വിഷയം പരിശോധിച്ച് വരുന്നു.<br>18-05-2013 ലെ ജി ഒ (പി ) 40/13/സാ.നീ.വ ഉത്തരവ് പ്രകാരം തസ്തികകൾ സൃഷ്ടിച്ച് അംഗപരിമിതർക്ക് പുനർനിയമനം നൽകിയിട്ടുള്ളത് പ്രസ്തുത ജീവനക്കാർ പെൻഷൻ ആയി പിരിഞ്ഞു പോകുമ്പോൾ പ്രസ്തുത സൂപ്പർ ന്യൂമററി തസ്തികകൾ ഇല്ലാതാകുന്ന തരത്തിൽ, ജനറൽ റൂൾസ് ചട്ടം 39 നൽകുന്ന അധികാരം പ്രയോഗിച്ച് ഒരു പ്രത്യേക കേസായിട്ടാണ്, അല്ലാതെ റഗുലർ തസ്തികകൾ ഉണ്ടാകുമ്പോൾ സൂപ്പർ ന്യൂമററി തസ്തികകൾ ഇല്ലാതാകുമെന്ന വ്യവസ്ഥയിലല്ല. പ്രസ്തുത തസ്തികകളിൽ നിയമിക്കപ്പെട്ടവർ വിരമിച്ച് പോകുമ്പോൾ |

| | |
|---|---|
| | പ്രസ്തുത തസ്തികകൾ ഇല്ലാതാകുമെന്ന തരത്തിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചാണ് ഇവർക്ക് പുനർനിയമനം നൽകിയിട്ടുള്ളത്. ആയതിനാൽ സർവ്വീസ് റഗുലറൈസേഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കാൻ സാധിക്കുന്നതല്ല. ആയതിനാൽ പ്രൊബേഷൻ പൂർത്തീകരിച്ച് നൽകുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല |
| (ഡി) ഭിന്നശേഷി ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച്, മലയോര ജില്ലകളിലടക്കം ബുദ്ധിമുട്ടില്ലാതെ വീടിനടുത്ത് തന്നെ നിയമനം നൽകുന്നതിന് അനുവദിക്കപ്പെട്ടിട്ടുള്ള സർക്കാർ ഉത്തരവുകൾ വകുപ്പ് തലവൻമാർ അവഗണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഭിന്നശേഷി ജീവനക്കാരോട് ചെയ്യുന്ന ഇത്തരം പീഡനം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ഡി ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) ലോക ഭിന്നശേഷി ദിനമായ ഡിസംബർ 3 നിയന്ത്രിത അവധിയായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഇ) ഇപ്പോൾ പരിഗണനയിൽ ഇല്ല |

സെക്ഷൻ ഓഫീസർ